മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇദ്ദേഹത്തിന്റെ ഉദ്യോഗത്തിൽവെച്ചുകൊണ്ടു എക്സ്റ്റെൻഷൻ കൊടുത്തോ, അതോ ഉദ്യോഗത്തിൽ വെക്കുന്നതിന്റെ മുമ്പ് എക്സ്റ്റെൻഷൻ കൊടുത്തുവോ?

റാവുസാഹിബ് കെ. അയ്യപ്പൻ: എക്സ്റ്റെൻഷൻ മുമ്പുതന്നെ കൊടുത്തു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഇതു് ഗവണ്മെണ്ടു് ആലോചിക്കുവാൻ തുടങ്ങിയതു് ജൂൺ 1-ാംതു-യാണെന്നു പറഞ്ഞു. ആഗസ്റ്റ് 1-ാംതു-യാണു് ഇതു് വേണമെന്നുള്ളതു് നിശ്ചയിച്ചിട്ടുള്ളതു്. അപ്പോൾ രണ്ടുമാസത്തോളം സമയമുണ്ടു്. അതിനിടയ്ക്കു് 1-ാം-ലെ ബഡ്ജറ്റുസെഷൻ ഉണ്ടായിരുന്നുവോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

മിസ്റ്റർ പി കുമാരനെഴത്തശ്ശൻ: അപ്പോൾ അതിൽ ജനപ്രതിനിധികളുടെ അഭിപ്രായം അറിയുന്നതിനു ഈ വിഷയംകൊണ്ടു വരാതെയിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ബഡ്ജറ്റു സെഷനു ശേഷമാണു് ഇതു വേണമോ, വേണ്ടയോ എന്നുള്ള കാര്യം തീച്ചയാക്കിയതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്താണു് അതു് ബഡ്ജറ്റുസെഷനിൽ വെക്കാതെയിരുന്നതെന്നു് പറയാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ബഡ്ജറ്റെല്ലാം പ്രിപ്പയർ ചെയ്യുന്നതിനുശേഷമല്ലെ ഈ കാര്യം വരുന്നതു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എക്സിക്യൂട്ടീവ് എൻജിനീയർമാരെ വെച്ചപ്പോൾ, ഇവിടെനിന്നും വാർസവ്വീസ്സിന്നു് പോയിട്ടുള്ള ഒരാളുടെ സവ്വീസ്സും ക്ലെയിമും ഓവർലുക്ക് ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: മിസ്റ്റർ റാംകുമാർ എന്നു് ഒരാളുണ്ടു്. വാസ്തവത്തിൽ അദ്ദേഹത്തിനു് ഈ പോസ്റ്റിനു് അവകാശമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നാൽ ആ അവകാശം അവഗണിച്ചതു് പരിഗണിക്കുവാൻ ഗവണ്മെണ്ടിനു് ഭയവുണ്ടാകുമോ. അയാൾക്കു് കാളിഫിക്കേഷനൊക്കെയുണ്ടു്. വാർസവ്വീസ്സിനു് പോയിട്ടുള്ള ആളുമാണു്.

റാവുസാഹിബ് കെ. അയ്യപ്പൻ: അദ്ദേഹം വരികയില്ലെന്നായിരുന്ന ഗവണ്മെണ്ടിന്റെ അറിവു്. ഇവിടത്തെക്കാൾ നല്ല ജോലി അദ്ദേഹത്തിനു് അവിടെകിട്ടുമെന്നു് അറിഞ്ഞതുകൊണ്ടാണു് അങ്ങിനെചെയ്തതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എക്സിക്യൂട്ടീവ് എൻജിനീയർമാരെ അപ്പോയിന്റു് ചെയ്തുകഴിഞ്ഞതിനുശേഷം വാർസവ്വീസ്സിൽപോയിട്ടുള്ള ആളെ കൺഫേം ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അപ്പോൾ ഇയാളെ എക്സിക്യൂട്ടീവ് എൻജിനീയരായിട്ടു് കൺഫേം ചെയ്യേണ്ടതല്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: ആ കാര്യത്തിൽ ഇതുവരെ ഒരു പരാതിവന്നിട്ടില്ല.

മിസ്റ്റർ കെ എസ്സ്. പണിക്കർ: എക്സിക്യൂട്ടീവ് എൻജിനീയരായിട്ടു് നിയമിക്കപ്പെട്ട ഡിഗ്രിഹോൾഡറെ അസിസ്റ്റാൻറ് എൻജിനീയരായി കൺഫേം ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അസിസ്റ്റണ്ടു് എൻജിനീയറായിട്ടു് അഞ്ചുകൊല്ലത്തിൽ കൺഫേം ചെയ്ത മിസ്റ്റർ റാംകുമാറും, എക്സിക്യൂട്ടീവ് എൻജിനീയറായിട്ടു് കൺഫേംചെയ്ത കല്ലുക്കാരനുമായിട്ടു് നോക്കിയാൽ ആരാണു് സീനിയർ?

റാവുസാഹിബ് കെ. അയ്യപ്പൻ: നോട്ടീസ്സു് വേണം.

ESSENTIAL NEEDS OF THE PEOPLE OF MULAVUKAD.

411. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state whether there is adequate provision for the following essential needs of the people of Mulavukad.—

(*a*) good drinking water;

(*b*) latrines;

LIBRARY ARCHIVES Kerala Legislative Assembly

(*c*) cremation ground for Hindus;
(*d*) a good road with lamp posts at suitable distance;
(*e*) an Anchal Office;
(*f*) a Police Station;
(*g*) an allopathic dispensary;
(*h*) trained midwives and Health Visitors;
(*i*) a good jetty at the Bolghatty end and good spacious waiting rooms at both ends of the Bolghatty—Ernakulam ferry?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*:

(*a*) A scheme for providing pipe lines for supplying Alwaye water to Mulavukad has been sanctioned.

(*b*) There are at present two public latrines at Mulavukad. Construction of three more latrines will be taken up soon.

(*c*) There are two burial grounds for Hindus in Mulavukad Village.

(*d*) The work of improving the Mulavukad road is in progress. Lamp posts will be put up when the road is completed.

(*e*) There is no Anchal Office at Mulavukad. Generally Anchal Offices are opened on the guarantee system at the request of the Public.

(*f*) There is no police station in Mulavukad. There is a police out-post at Panambukad which is only a mile or two away from Mulavukad. Therefore it is not very necessary to have a police station at Mulavukad.

(*g*) There is no Allopathic dispensary at Mulavukad.

(*h*) A trained midwife has been appointed in Mulavukad Village. There is no Health Visitor in Mulavukad. But the Health Visitor, Narakkal Division is supervising the work of the midwife.

(*i*) There is no jetty and waiting room at the Bolghatty end. There is a waiting shed at the Ernakulam end of the Bolghatty—Ernakulam ferry.

മിസ്സിസ് ടി. ഫ്രാൻസിസ്: സർ, ഈ പൈപ്പ്ലയിൻ നീട്ടാനുള്ള സ്കീം എന്നു തുടങ്ങുമെന്നു പറയാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: മുളവുകാട്ടേയ്ക്കു പൈപ്പ്ലയിൻ നീട്ടുന്ന കാര്യം എപ്പോൾതുടങ്ങുമെന്നു ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

മിസ്സിസ് ടി. ഫ്രാൻസിസ്: ഇതിൽ സാങ്ക്ഷൻ ആയിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതിൽ ഒരു ലയിൻ ഇടാൻ ആലോചിച്ചിട്ടുണ്ടെന്നാണു പറഞ്ഞിരിക്കുന്നതു്.

മിസ്സിസ് ടി. ഫ്രാൻസിസ്: അതു് എവിടെക്കുടെയാണു പോകുന്നതു്?

റാവുസാഹിബ് കെ. അയ്യപ്പൻ: എവിടെ ക്കുടെയാണുകൊണ്ടുപോകേണ്ടതെന്നും മറ്റും ആലോചിക്കുന്നതേയുള്ളു.

മിസ്സിസ് ടി. ഫ്രാൻസിസ്: പൈപ്പ്ലയിൻ ഇടുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: മുളവുകാടിൽക്കുടെ പൈപ്പ്ലയിൻ പോകുന്നുണ്ടു്. അതിൽനിന്നു തെക്കും വടക്കും ഭാഗങ്ങളിലേയ്ക്കു ലയിൻ നീട്ടുന്നകാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

മിസ്സിസ് ടി. ഫ്രാൻസിസ്: ഈ ലയിൻ മുളവുകാടിൽ കുടെയാണൊ പോകുന്നതു്?

റാവുസാഹിബ് കെ. അയ്യപ്പൻ: മുളവുകാടു വഴിയാണു പോകുന്നതു്.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാടിന്റെ തെക്കും വടക്കുമുള്ള ഭാഗങ്ങളിലെ ജനസംഖ്യ എന്താണെന്നു അറിയാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: വളരെ ആളുകളുണ്ടെന്നറിയാം. എന്നല്ലാതെ എത്രജനങ്ങളുണ്ടെന്നു എനിക്കു് അറിഞ്ഞുകൂടാ.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാടിൽ ഇപ്പോൾ രണ്ടു ലട്രിൻ ഉണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അതു എവിടെയാണു സ്ഥാപിച്ചിരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതു ജനസംഖ്യ അധികമുള്ള സ്ഥലങ്ങളിലായിരിക്കണമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ് ടി. ഫ്രാൻസിസ്: ജനസംഖ്യ അധികമുള്ള സ്ഥലത്തല്ല ഈ ലട്രിൻ വെച്ചിരിക്കുന്നത്. ഈ ലട്രിന്റെകാര്യം ഈ നിയമസഭയിൽതന്നെ ഒന്നോ രണ്ടോ പ്രാവശ്യം വാഗ്വിഷയമായിട്ടില്ലെ?

റാവുബഹദൂർ ടി കെ. നായർ: അതു ഓർമ്മിക്കുന്നുണ്ട്. അതു് ഓർമ്മിച്ചുകൊണ്ടാണു് അവിടെ കൂടുതൽ ലട്രിൻ പണിയാൻ തീരുമാനിച്ചിട്ടുള്ളതു്. ഈ ചോദ്യത്തിനുള്ള ഉത്തരത്തിൽ മൂന്നു ലട്രിൻസ് കൂടുതൽ പണിയാൻ പോകുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: അതു എന്നു സാദ്ധ്യമാകും?

റാവുബഹദൂർ ടി. കെ. നായർ: അതു എന്നു സാദ്ധ്യമാകുമെന്നു പെട്ടെന്നു പറയാൻ സാദ്ധ്യമല്ല. അതിനു രണ്ടു തടസ്സമാണു പ്രധാനമായിട്ടുള്ളതു്. സ്ഥലം അക്വയർചെയ്യുമ്പോൾ അവിടെ താമസിക്കുന്നവരുടെ എതിർപ്പുവരും. പിന്നെ അതിനുചുറ്റും താമസിക്കുന്നവരുടെ പരാതിവരും, ഈ വിഷമംകൊണ്ടു വൈപ്പിൻകരമുതലായ സ്ഥലങ്ങളിലേയ്ക്കു ലട്രിൻസ് സ്ഥാപിക്കാൻ പണം അലോട്ടുചെയ്തിരുന്നിട്ടും അതു ലാപ്സായിപോകുകയാണു ചെയ്തതു്. ഇനി വായുമണ്ഡലത്തിലൊ ഭൂമിയുടെ അടിയിലൊ എവിടെയാണു സ്ഥാപിക്കാൻ സൌകര്യപ്പെടുക എന്നുംമറ്റും ആലോചിക്കുകയാണു്. ഏതായാലും ഈകാര്യം പെട്ടെന്നു സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാട്ടു ഇതിനു സ്ഥലം കിട്ടുമൊ എന്നു അന്വേഷിച്ചിട്ടുണ്ടൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: മുളവുകാടിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിലുള്ള ബുദ്ധിമുട്ടു തീർന്നുവെന്നാണു് അറിയുന്നതു്. അതിനെ സംബന്ധിച്ചു ഒരു റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

Mrs. T. Francis *(Ernakulam-Women):* In (*b*) it is stated that "there are at present two public latrines at Mulavukad. Construction of three more latrines will be taken up soon.

ഈ റിപ്പോർട്ടിനെ സംബന്ധിച്ചു ഒരു ചോദ്യം ചോദിക്കട്ടെ. അതു സ്ഥാപിക്കാൻ പോകുന്നതു ഏതുഭാഗത്തു് ആയിരിക്കുമെന്നു പറയാമോ?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Sites for construction of 3 more public latrines have already been acquired and the necesssary constructions are being attended to by the Panchayat Department' പഞ്ചായത്തുകാരാണു് അതു തീരുമാനിക്കുന്നതു്.

മിസ്സിസ് ടി. ഫ്രാൻസിസ്: അതു് സ്ഥാപിക്കാൻ പോകുന്നതു ജനസംഖ്യ അധികമുള്ള സ്ഥലങ്ങളിലാണോ?

റാവു ബഹദൂർ ടി. കെ. നായർ: ഈ കാര്യം പഞ്ചായത്തിനോടു ചോദിച്ചിട്ടു അവരുടെ അഭിപ്രായപ്രകാരമാണു് ചെയ്യുക. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ജനസംഖ്യ അധികമുള്ള സ്ഥലത്തു വെക്കണമെന്നാണു്. ജനസംഖ്യ അധികമില്ലാത്ത സ്ഥലം പഞ്ചായത്തുകാർ തിരഞ്ഞെടുക്കുമെന്നു വിചാരിക്കാൻ ന്യായമില്ല.

മിസ്റ്റർ പി. കെ. ഡിവർ: മുളവുകാടിൽ ഒരു പത്തു് അടിസ്ഥലമെങ്കിലും ആൾതാമസമില്ലാത്തതായി കാണിച്ചു തരാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഏതായാലും ആളുകൾ ഉള്ള സ്ഥലത്തു വെക്കാൻ വിഷമമുണ്ടു്. ആളുകൾ താമസിക്കാത്ത സ്ഥലത്തുമാത്രമേ സ്ഥാപിക്കാൻ നിവൃത്തിയുള്ളു. പക്ഷെ അതിനു ചുറ്റും ആളുകൾ തിങ്ങിത്താമസിക്കുന്നുണ്ടൊ എന്നും നോക്കണം. ഏവിടെയാണു് സൌകര്യം എന്നു നോക്കി പഞ്ചായത്തുകാർ അറിയിക്കും. അതനുസരിച്ചേ പണിയുകയുള്ളു.

MR. M. GOVINDA MENON—PROSECUTION OF

412. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയുമൊ.—

(എ) പാലക്കാടു് ഫെയർ പ്രൈസു ഷാപ്പു് മാനേജരായിരുന്ന ഒരു എം. ഗോവിന്ദമേനവനെ പ്രോസിക്യൂട്ടുചെയ്യുവാൻ ഗവൺമെണ്ടു കല്പന പുറപ്പെടുവിച്ചിരുന്നുവോ;

(ബി) മറുപടി നിഷേധരൂപത്തിലല്ലെങ്കിൽ കാരണമായ ഈ കല്പനക്കുള്ള കാരണമെന്തു്;

(സി) ഈ കല്പനയുടെ അനന്തരഫലങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly